
# ചർച്ച് ന്യൂസ്

സി.എസ്.ഐ. കാട്ടാക്കട
ദക്ഷിണ കേരള മഹായിടവക (എസ്.ഐ.യു.സി)

Vol: 3 No:9
website: www.csikattakada.in
e-mail: csikattakada@gmail.com
ഫെബ്രുവരി 2015



...നസറായനായ യേശുക്രിസ്തുവിന്റെ
നാമത്തിൽ നടക്ക എന്നു പറഞ്ഞു. അ.പ്ര.3:6

GOVT. OF INDIA
916 BIS
HALLMARKED JEWELLERY

# നെയ്യാറ്റിൻകര
# പെരേപ്പാടൻസ് ഗോൾഡ് പാർക്കിൽ
# ഇപ്പോൾ അന്താരാഷ്ട്ര ഗോൾഡ്
# ഷോപ്പിംഗ് അനുഭവം




| കല്ല്യാണപാർട്ടികൾക്ക് ഉത്പാദന വിലമാത്രം | എല്ലാ പർച്ചേസിനും ആകർഷകമായ സമ്മാനങ്ങൾ | ഏറ്റവും കുറഞ്ഞ പണിക്കൂലി |
|---|---|---|

പെരേപ്പാടൻസ് 100% 916 ജ്വല്ലറി

## ഗോൾഡ് പാർക്ക്

**സ്വദേശാഭിമാനി പാർക്കിന് സമീപം, കൃഷ്ണൻ കോവിൽ ജംഗ്ഷൻ, നെയ്യാറ്റിൻകര. Ph: 0471-3001551**

| കൊട്ടാരക്കര | നെടുമങ്ങാട് | കരുനാഗപ്പള്ളി | പയ്യന്നൂർ |
|---|---|---|---|
| Ph: 0474 - 3223637 | Ph: 0472 - 3201993 | Ph: 0476 - 2624599 | Ph: 0498 - 5208418 |

**Head Office : Thrissur**

ഈ പരസ്യവുമായി ഗോൾഡ് പാർക്കിന്റെ കേരളത്തിലെ ഏതെങ്കിലും ശാഖകളിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ വാങ്ങുന്നവർക്ക് പ്രത്യേക ഡിസ്കൗണ്ട് ലഭിക്കുന്നതാണ്.

സി.എസ്.ഐ.കാട്ടാക്കട

# ചർച്ച് ന്യൂസ്

Vol: 3 No:9

ഫെബ്രുവരി 2015



Website: www.csikattakada.in
E-mail: csikattakada@gmail.com
Phone: 0471-2290544, 0471-2293617


## ഇടവകക്കമ്മിറ്റി അംഗങ്ങൾ

| | |
|---|---|
| റവ. കെ.പി. മോഹൻദാസ് | 9446330756 |
| റവ. ആർ.ഷിബു | 9495726850 |
| ബ്രൈറ്റ്സിംഗ്.ബി (സെക്രട്ടറി) | 9495302818 |
| ബിനു.ജി.ആർ (അക്കൗണ്ടന്റ്) | 9895154173 |
| ഗ്ലാസ്റ്റൻ.എൻ | 9349992466 |
| ജനറ്റ്.ഡി | 9539822062 |
| ജീവൻ.എസ്.ജോയ് | 9633356393 |
| മിഖായേൽ.പി | 9446752853 |
| മോഹനദാസ്.ഡി | 9496658401 |
| റസലമ്മാൾ.ഇ | 9446173387 |
| ഷിബി.ഇ | 9895315202 |
| സൈറസ്.റ്റി | 2292433 |
| വിമൽരാജ്.ആർ | 8547492327 |

## എഡിറ്റോറിയൽ ബോർഡ്

റവ.കെ.പി.മോഹൻദാസ്
റവ.ആർ.ഷിബു
ജെ.രത്നരാജ്
(എഡിറ്റോറിയൽ ബോർഡ് അഡ്വൈസർ)
ബി.ബ്രൈറ്റ്സിംഗ്
മോഹനദാസ്.ഡി
സോഫിയ.എസ്.ഡി
ജിജിക്കുഞ്ഞ്.സി
റോസിൻജാവർട്ട്.ജെ
ബിനു.ജി.ആർ (കൺവീനർ)
റ്റി.എൽ. സത്യരാജ്(എഡിറ്റർ)

വിൽസ്രാജ് (കപ്യാർ) 9446564482

## ഉള്ളടക്കം


Pastor's view — 5
*റവ.കെ.പി.മോഹൻദാസ്*

ഗാന്ധിജിയും മാർക്സും യേശുവും — 6
*റവ.ഷിബു.ആർ*

പ്രധാന പ്രോഗ്രാമുകൾ — 8

വാർത്തകൾ, അറിയിപ്പുകൾ — 10

നാം ജീവിക്കുന്നത് അന്ത്യകാലത്തോ? — 13
*അയന.എസ്.എസ്*

പൊതുവിജ്ഞാനം — 14
*ബിനു.ജി.ആർ*


## ചർച്ച് ന്യൂസ് ജനുവരി - 2015

വരവ്-ചെലവ്

**വരവ്**

| | |
|---|---|
| പെരേപ്പാടൻസ് ഗോൾഡ് പാർക്ക് | 1500 |
| ജ്ഞാനദാസ്, ലിജോഭവൻ | 500 |
| പാർവ്വതി ഏജൻസീസ് | 2000 |
| സ്റ്റീഫൻസൻ, നെടുവത്താൻകുഴി | 200 |
| ആകെ വരവ് | 4200 |

**ചെലവ്**

| | |
|---|---|
| കളർപേജ് ഡിസൈനിംഗ് | 500 |
| രസീത് ബുക്ക് പ്രിന്റിംഗ് | 750 |
| പ്രിന്റിംഗ് | 6000 |
| ആകെ ചെലവ് | 7250 |


Published by CSI Kattakada
(For private circulation only)
Printed at C.S.Offset Kattakada
Colour Pages: Click digital Studio


## എഡിറ്റോറിയൽ

**പു**തിയ സംഘടനാഭാരവാഹികൾക്ക് പ്രാർത്ഥനാപൂർണ്ണമായ ആശംസകൾ നേരുന്നു. ഒപ്പം കഴിഞ്ഞ വർഷത്തെ ചലനാത്മകമായ പ്രവർത്തനങ്ങൾക്ക് നന്ദി അർപ്പിക്കുന്നു. സഭയിലെ ശുശ്രൂഷകൾ തികഞ്ഞ ഗൗരവത്തോടെ നിർവ്വഹിക്കപ്പെടേണ്ടതാണ്. എന്നും നിന്ദിതരുടെയും പീഡിതരുടെയും പക്ഷത്താകണം ക്രിസ്തുവിന്റെ പിൻഗാമികളെന്ന് അവകാശപ്പെടുന്ന നാം ഓരോരുത്തരും. പാപത്തോടു പോരാടി ജയം വരിച്ച യേശുവിനെ കാണിച്ചുകൊടുക്കാൻ കഴിയാത്ത പ്രഘോഷണങ്ങൾ വെറും ജല്പനങ്ങളാണ്. ലാളിത്യത്തിനും പരസ്പര സൗഹൃദത്തിനും മനുഷ്യാന്തസ്സിനും ജീവന്റെ മൂല്യങ്ങൾക്കും സാഹോദര്യത്തിനും പ്രാധാന്യം കൊടുക്കുന്നതാവണം നമ്മുടെ ശുശ്രൂഷകൾ. ദൈവകാരുണ്യത്തിന്റെ മുഖമാണ് നമ്മിൽ പ്രോജ്ജ്വലിക്കേണ്ടത്. സമാധാനത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും വാഹകരായി നമുക്ക് മാറാം...

പത്രാധിപസമിതിക്കുവേണ്ടി,
സോഫിയ. എസ്.ഡി





**സ്റ്റീഫൻസൻ & ഫാമിലി**
ജോസ്ഭവൻ, നെടുവത്താൻകുഴി



**ഈ മാസം വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നത്**

12. 2. 2015 (വ്യാഴം)

ഡാർവിൻരാജ്, കമലാഭവൻ &
സിൻസി, സുരേഷ് കോട്ടേജ്




കർത്താവിൽ പ്രിയ സ്നേഹിതരെ,

ആണ്ടിന്റെ ആരംഭം മുതൽ നമ്മോടൊപ്പമുള്ള ദൈവത്തിന്റെ സാന്നിധ്യം വീണ്ടും നമ്മെ ബലപ്പെടുത്തുകയും, ഈ രണ്ടാം മാസത്തെ ഓരോ ദിനവും അർത്ഥവത്തായി ചിലവിടാൻ നമ്മെ സജ്ജരാക്കുകയും ചെയ്യട്ടെ.

ക്രിസ്തീയ സഭാവർഷം ഒരു വിശ്വാസിയെ സംബന്ധിച്ചടത്തോളം അമൂല്യമായ ഒരു കൃപാവഴിയാണ്. ഇത് ആത്മാർത്ഥതയോടെ ആചരിക്കുന്നത് ക്രിസ്തു യേശുവിൽ കേന്ദ്രീകൃതമായ ഒരു ധന്യജീവിതം നയിക്കുന്നതിന് ഒരുവനെ പ്രാപ്തനാക്കുന്നു. പാശ്ചാത്യ സഭകളിൽ സഭാ വർഷവും, ക്രിസ്തുമസ് കാലവും ആരംഭിക്കുന്നത് ആഗമന കാലത്തോടുകൂടിയാണ്. ദക്ഷിണേന്ത്യാ സഭ സഭാവർഷത്തെ നാല് ഘട്ടമായി വിഭജിച്ചിരിക്കുന്നു. ആഗമനനാൾ മുതൽ മഹത്വപ്രകാശദിനം വരെയാണ് ഒന്നാം ഘട്ടം. പ്രകാശദിനം മുതൽ പുനരുത്ഥാനം വരെ രണ്ടാം ഘട്ടം. പുനരുത്ഥാന നാൾ മുതൽ ത്രിത്വഞായർ വരെയാണ് മൂന്നാംഘട്ടം. നാലാം ഘട്ടം തുടങ്ങുന്നത് പെന്തക്കോസ്തു ഞായർ മുതലാണ്. എന്നാൽ മലബാർ ലിറ്റർജിയിൽ ത്രിത്വഞായർ മുതൽ നാലാം ഘട്ടം ആരംഭിക്കുന്നു. ഈ കാലഘട്ടം ആഗമന നാളിന്റെ തൊട്ടുമുമ്പിലെ 3 ആഴ്ചകൾ വരെയാണ്. സഭാ വർഷത്തിലെ രണ്ടാംഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന നമ്മെ ദൈവം തന്റെ കൃപകളാൽ നിറച്ച് സഭാജീവിതത്തിൽ സജീവമായി മുന്നേറാൻ സഹായിക്കട്ടെ.

ഫെബ്രുവരി 18 ചാമ്പൽ ബുധനാണ്. നോമ്പ് കാലത്തിന്റെ (Lenten Season) ആരംഭം കുറിക്കുന്ന ദിനത്തിന് നൽകിയിരിക്കുന്ന പേരാണ് ചാമ്പൽ ബുധൻ (Ash Wednesday) ഈ ആചരണം (Dies Cinerum) 8-ാം നൂറ്റാണ്ടുമുതലുണ്ടായി എന്ന് കരുതപ്പെടുന്നു. സഭയിൽ നിന്ന് പുറത്താക്കപ്പെട്ടവർക്കും, കൂദാശകൾ അനുഷ്ഠിക്കുന്നതിന് വിലക്ക് കല്പിക്കപ്പെട്ടിരുന്നവർക്കും അനുതാപത്തിനുള്ള ദിനങ്ങളായിരുന്നു ഇത്. ഈ നാളുകളിൽ ഉപയോഗിക്കുന്നതിനുള്ള രട്ടും, വെണ്ണീറും ബിഷപ്പ് പ്രാർത്ഥിച്ച് അവർക്ക് നൽകുക പതിവായിരുന്നു. വന്നുപോയ പിഴവുകളേയും, കുറവുകളേയും മനഃപൂർവ്വം ഓർത്ത് പശ്ചാത്താപം പ്രകടിപ്പിക്കുന്ന മാർഗ്ഗമാണ് ഒരുവൻ രട്ടിലും, വെണ്ണീറിലും ഇരിക്കുക എന്നത് ആന്തരികമായുണ്ടാകുന്ന പശ്ചാത്താപത്തിന്റെ അടയാളമാണ് പുറമെയുള്ള ഈ പ്രകടനങ്ങൾ. ആയതിനാൽ ചാമ്പൽ ബുധൻ മുതൽ ഈസ്റ്റർ വരെയുള്ള 40 ദിവസങ്ങൾ (Quadragesima) അനുതാപത്തിന്റേയും, ആത്മപരിശോധനയുടെയും നാളുകളാണ്. നോമ്പ് ആചരണത്തിലൂടെ സത്യസന്ധമായ വിനയപ്പെടലും, സമ്പൂർണ്ണമായ സമർപ്പണവും ഉണ്ടാകണം. ഈ മനഃപരിവർത്തനം

ജീവിതത്തിന്റെ സമസ്തമേഖലകളിലും വെളിപ്പെടേണ്ടതുമാണ്.

ഈ മാസത്തിൽ ജന്മനാൾ, വിവാഹദിനം തുടങ്ങിയവ ഓർക്കുന്നവരെ ദൈവം ആശീർവ്വദിക്കട്ടെ. വിദ്യാഭ്യാസ രംഗത്തായിരിക്കുന്നവരുടേയും പുതിയ സംരംഭങ്ങൾ തുടങ്ങുവാൻ യത്നിക്കുന്നവരുടേയും അഭിലാഷങ്ങൾ ദൈവം യാഥാർത്ഥ്യമാക്കട്ടെ.

<u>പ്രാർത്ഥന</u>: എനിക്കായി പീഡനങ്ങളേൽക്കുകയും, ക്രൂശ് മരണം വരിക്കുകയും ചെയ്ത യേശു കർത്താവേ, ഈ നോമ്പ് കാലഘട്ടം അനുതാപത്തിന്റേയും, ആത്മപരിശോധനയുടേയും നാളുകളാക്കി തീർക്കേണമേ!

ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷകൻ,
**മോഹൻദാസ് അച്ചൻ**


## പ്രധാന പ്രോഗ്രാമുകൾ


## ഫെബ്രുവരി 2015




| | | | | |
|---|---|---|---|---|
| 1 | ഞായർ | 8.00 | AM | ഞായർ ആരാധന/തിരുവത്താഴം |
| 5 | വ്യാഴം | 6.00 | PM | മിഷണറി കമ്മിറ്റി |
| | | 7.00 | PM | സന്ധ്യാരാധന |
| 8 | ഞായർ | 8.00 | AM | ഞായർ ആരാധന (സൗഖ്യദായക ഞായർ) |
| | | 11.00 | AM | ചർച്ച് കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന (ശ്രീ.യേശുദാസ്, ചോലയിൽ) |
| 11.2.2015 - 13.2.2015 | | | | പാസ്റ്റേഴ്സ് റിട്രീറ്റ്, പൂനെ |
| 12 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 15 | ഞായർ | 8.00 | AM | ഞായർ ആരാധന |
| | | 11.30 | AM | പുവർഫണ്ട്/പാലിയേറ്റിവ്കെയർ കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന |
| 17 | ചൊവ്വ | 9.30 | AM | മിഷണറി സ്പോൺസ്ഴ്സ് മീറ്റ് & സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 18 | ബുധൻ | 7.00 | PM | ചാമ്പൽ ബുധൻ/ സന്ധ്യാരാധന |
| 21 | ശനി | 9.30 | AM | ഉപവാസ ആരാധന |
| 22 | ഞായർ | 7.00 | AM | ഇംഗ്ലീഷ് ആരാധന |
| | | 8.00 | AM | ഞായർ ആരാധന |
| | | 6.30 | PM | ഭവനാരാധന (ശ്രീമതി.അംബിക, കർമ്മേൽ) |
| 26 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 1.3.2015 | | 8.00 | AM | ഞായർ ആരാധന/തിരുവത്താഴം |
| ഞായർ | | 6.30 | PM | ഭവനാരാധന |

# ഗാന്ധിജിയും മാർക്സും യേശുവും





റവ. ഷിബു ആർ

ഈ കാലഘട്ടത്തിൽ ചർച്ചചെയ്തുകൊണ്ടിരിക്കുന്ന മൂന്നു യുഗ പുരുഷൻമാരാണ് ഗാന്ധിജിയും മാർക്സും യേശുവും. ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനത്തിനെതിരെയും ഭാരതസ്വാതന്ത്ര്യത്തിനുമായി പോരാടിയ മഹാനാണ് ഗാന്ധിജിയെങ്കിൽ അടിസ്ഥാന വർഗ്ഗത്തിന്റെ വിമോചനത്തിനായി നിലകൊണ്ട വ്യക്തിയാണ് മാർക്സ്. എന്നാൽ യേശുവാകട്ടെ സർവജനതയ്ക്കും മഹാസന്തോഷം നൽകുവാനും സാർവത്രിക വിടുതലിനുമായി നിലകൊണ്ട ദൈവ/മനുഷ്യപുത്രൻ. യേശുവിന്റെ ചിന്താസരണി ഗാന്ധിജിയേയും മാർക്സിനെയും സ്വാധീച്ചിട്ടുണ്ടെന്നത് തർക്കമറ്റ വസ്തുതയാണ്. ഇവരെ സംബന്ധിച്ച് ഒട്ടേറെ ഗ്രന്ഥങ്ങളും പഠനശാഖകളും നിലവിലുണ്ടെന്നത് അവരുടെ മഹത്വം വിളിച്ചറിയിക്കുന്നു.

എന്നാൽ ഈ മൂവരെയും സംബന്ധിച്ച് ഒട്ടേറെ മുതലെടുപ്പ് നടത്തുകയാണ് ഇവരുടെ അനുയായികൾ എന്ന് വിളിക്കപ്പെടുന്നവർ ചെയ്തുകൊണ്ടിരിക്കുന്നത് (so-called followers). ഇവർക്ക് ഗാന്ധിസം എന്നാൽ ബാഹ്യമായ ഗാന്ധിതൊപ്പിയും ഖദർ വസ്ത്രവും, ഗാന്ധിമാർഗ്ഗമെന്നത് രുപാനോട്ടിൽ കാണുന്ന ഗാന്ധിചിത്രത്തോടുള്ള പ്രണയവുമാണ്. മാർക്സിസമെന്നാൽ ഇതുവരെയും തുറന്നു നോക്കിയിട്ടില്ലാത്ത 'മൂലധന'ഗ്രന്ഥവും, ചെങ്കൊടിയും എന്താണെന്നറിയാത്ത വൈരുദ്ധ്യാത്മക ഭൗതികദർശന ചർച്ചയും, അർത്ഥമറിയാതെ ചുവരിൽ തൂക്കുന്ന മാർക്സിന്റെയോ ലെനിന്റെയോ, ചെഗുവേരെയുടെയോ പോലുള്ള ചിത്രങ്ങളാണ്. ഇവർക്ക് രാഷ്ട്രീയമെന്നത് രാഷ്ട്രത്തെ സംബന്ധിച്ചുള്ളതല്ല, രാഷ്ട്രീയപാർട്ടിയുടെ നേതാക്കൾ ആജ്ഞാപിക്കുന്നതെന്തും ചെയ്യുന്ന അവസരവാദ ചിന്തയാണ്. മതനേതാക്കൾക്ക് യേശു, സ്ഥാപനങ്ങളിലൂടെയുള്ള സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന്റെ മറയും കോടിക്കണക്കിനു രൂപ വെട്ടിക്കുന്നതിനും സ്വന്തം ബന്ധുക്കളെ മാത്രം വളർത്തുന്നതിന്റെ മുഖാന്തിരവുമാണ്. ഈ പശ്ചാത്തലത്തിൽ ഈ മൂവരെയും സംബന്ധിച്ച് ആഴത്തിൽ മനസ്സിലാക്കേണ്ടതും അവരുടെ ദർശനങ്ങളുടെ ക്രിയാത്മകസംവാദവും പ്രായോഗികതയും ആവശ്യമാണ്.

## സണ്ടേസ്കൂൾ ഭാരവാഹികൾ-2015

സെക്രട്ടറി : ഷിബു ജസ്റ്റസ് Tr, കീർത്തനം
അക്കൗണ്ടന്റ് : റ്റി.എൽ.സത്യരാജ്, ലീലാഭവൻ
ട്രഷറർ : സിനിമോൾ.S, ഗ്രേസ്നിവാസ്
കമ്മിറ്റി അംഗം : വിനോജ് D.സാരസം, സാരസംഹൗസ്
ഡിസ്ട്രിക്ട് പ്രതിനിധികൾ
: സ്കിന്നർവാട്സ്, പീസ് വില്ല
: സി.വി.പ്രമോദ്, റാണിഭവൻ
: പ്രേമലത Tr, ഗ്രെയ്സ് ഡെയ്ൽ

## യുവജനസഖ്യം ഭാരവാഹികൾ-2015


വൈ:പ്രസിഡന്റ് : സി.രിജിക്കുഞ്ഞ്, രിജിഭവൻ
സെക്രട്ടറി : ഡാർവിൻരാജ് G, കമലാഭവൻ
അക്കൗണ്ടന്റ് : ആർ.രാഹുൽ, ഗിലെയാദ്
ട്രഷറർ : ഷിബിദാസ്.C.C, ക്രൈസ്റ്റ്കോട്ടേജ്
കമ്മിറ്റി അംഗങ്ങൾ
: ബിനോയ് R.ജോഫ്രി, ധന്യ
: സോഫിൻ ഡാനിയേൽ, സോഫിൻ ഭവൻ
: നിനിൽശശി, നിനി നിവാസ്
: ഫേബാദാസ്
: സത്യരെജി.G.S., സത്യഭവൻ
ഡിസ്ട്രിക്ട് പ്രതിനിധികൾ
: എസ്.സുനി, ഞാറവിള
: സിനുസത്യൻ, മുണ്ടപ്പള്ളി

## സ്ത്രീജനസഖ്യം ഭാരവാഹികൾ-2015

വൈ:പ്രസിഡന്റ് : B.അജന്തകുമാരി,കമലാഭവൻ
സെക്രട്ടറി : റ്റി.വസന്ത, ഉടയാൻകുഴി
അക്കൗണ്ടന്റ് : സരസാബായി, പ്രശാന്ത്
ട്രഷറർ : പുഷ്പവനജ, ദാസ്ഭവൻ
ഡിസ്ട്രിക്ട് പ്രതിനിധി
: റ്റി.ബേബി Tr, റീജാഭവൻ

## ബാലജനസഖ്യം ഭാരവാഹികൾ-2015

കൺവീനർ : വിനോജ് D.സാരസം, സാരസംഹൗസ്
സെക്രട്ടറി : ഷിൻസി അജിത്
അക്കൗണ്ടന്റ് : സോബിൻ




സുനുജോയൽ

എൻ കുടുംബത്തിൽ ഞാനൊരു
    തേൻകട്ടയായ് മാറിയെങ്കിൽ
എൻ സഭയിൽ ഞാനൊരു
    മെഴുകുതിരിയായെരിഞ്ഞെങ്കിൽ
എൻ സമൂഹത്തിൽ ഞാൻ
    നീതി തൻ ദീപമായ് മാറിയെങ്കിൽ
എൻ ജീവിതത്തിൽ ഞാനെന്നും
    കർത്തനെ മാത്രം ഉയർത്തിയെങ്കിൽ
നിറദീപമായ് തിരുവചനങ്ങൾ എന്നുമെൻ
    കാലിനുദീപമായ് മാറിയെങ്കിൽ
സ്നേഹബലിയായ നാഥനെ എന്നും ഞാൻ
    ആത്മാവിൽ കീർത്തിച്ച് പാടിയെങ്കിൽ
വറ്റാത്ത സ്നേഹമാം എന്നീശോയെ
    ജാതികൾ മുന്നിൽ ഞാൻ സാക്ഷിച്ചെങ്കിൽ
മുന്നോട്ട് പോകുന്ന ഓരോ നിമിഷവും
    കർത്തനിൻ ദാനമെന്നോർത്തെങ്കിൽ
മരണത്തിനപ്പുറം ഉള്ളൊരു ജീവിതം
    സൗഭാഗ്യമുള്ളതെന്നോർത്തെങ്കിൽ
ഇനിയുള്ള എന്നുടെ ജീവിതവും
    ക്രിസ്തുവിൽ മോക്ഷം പ്രാപിച്ചെങ്കിൽ

# വാർത്തകൾ, അറിയിപ്പുകൾ

## പാലിയേറ്റീവ് കെയർ

ചികിത്സാ സഹായമായി 6 പേർക്ക് 1000/- രൂപ, ഒരാൾക്ക് 700/- രൂപ, 14 പേർക്ക് 500/- രൂപ, 6 പേർക്ക് 250/- രൂപ, 2 പേർക്ക് 100/- രൂപ എന്നീ ക്രമത്തിൽ നൽകി. കൂടാതെ, 750 രൂപയോളം വിലവരുന്ന ഭക്ഷണകിറ്റ് 40 പേർക്ക് നൽകി. ക്രിസ്തുമസ് ഗിഫ്റ്റായി 70 പേർക്ക് പായസക്കിറ്റ്, വസ്ത്രം, കേക്ക് എന്നിവ നൽകുകയുണ്ടായി. കിടരോഗിയായ തങ്കമണി, കട്ടയ്ക്കോടിന് 73,000/- രൂപ ചെലവഴിച്ച് ഒറ്റമുറി വീട് നിർമ്മിച്ചു നൽകി. ഈ പ്രവർത്തനങ്ങളിൽ സഹകരിച്ച ഏവർക്കും നന്ദിയർപ്പിക്കുന്നു. തുടർന്നും പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും, സഹകരിക്കുന്നതിനും താല്പര്യമുള്ളവർ കമ്മിറ്റി അംഗങ്ങളെ അറിയിക്കുക.

## പൂക്കൾ ഉപയോഗിച്ച് വിശുദ്ധാരാധനയിൽ അൾത്താര അലങ്കരിക്കുന്നവർ

**01.02.2015 - ശ്രീ. ക്രിസ്തുദാസ് സാരസം & ഫാമിലി, ദീപാകോട്ടേജ്**
**08.02.2015 - ശ്രീ. വിൽഫ്രഡ് രാജ് & ഫാമിലി, ഒയാസിസ്**
**15.02.2015 - ശ്രീ. ഡാർവിൻരാജ് & ഫാമിലി, കമലാഭവൻ**
**22.02.2015 - ശ്രീ. എസ്.തോംസൻ Tr & ഫാമിലി, ലീലാഭവൻ**

## സണ്ടേസ്കൂൾ

ജനുവരി 18-ാം തീയതി ഞായറാഴ്ച സണ്ടേസ്കൂൾ പ്രവേശനോത്സവദിനമായി ആഘോഷിച്ചു. ആരാധനയ്ക്ക് ശേഷം ബാന്റ് ട്രൂപ്പിന്റെ അകമ്പടിയോടെ എല്ലാ കുട്ടികളും ഹാളിലേക്ക് പ്രവേശിച്ചു.അച്ചൻമാരുടെ പ്രാർത്ഥനയോടെ ഈ വർഷത്തെ ക്ലാസ്സുകൾക്ക് ആരംഭം കുറിച്ചു. ബലൂണുകളും മധുരപലഹാരവും നൽകി എല്ലാ കുഞ്ഞുങ്ങളെയും സ്വീകരിച്ചത് പുതിയൊരനുഭവമായി മാറി.


## മിഷണറി സ്പോൺസേഴ്സ് മീറ്റ്

**സ്ഥലം: സി.എസ്.ഐ. ചർച്ച് കാട്ടാക്കട**
**തീയതി: 17.2.2015 ചൊവ്വാഴ്ച**
**9.30 AM - 1.00 P M**

*മിഷണറി പ്രവർത്തനങ്ങൾക്ക് എല്ലാ മാസവും നിശ്ചിത തുകകൾ നൽകി സഹായിക്കുന്ന സഭാജനങ്ങൾ കുടുംബമായി അന്നേ ദിവസം എത്തിച്ചേരുവാൻ അറിയിക്കുന്നു.*

## അറിയിപ്പ്

സി.എസ്.ഐ.കാട്ടാക്കട പാലിയേറ്റീവ് കെയർ യൂണിറ്റിന് 1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക് ഇൻകംടാക്സ് ഇളവിന് ഇത് പ്രയോജനപ്പെടുത്താവുന്നതാണ്.



# നാം ജീവിക്കുന്നത് അന്ത്യകാലത്തോ ?



മാധ്യമവാർത്തകൾ കണ്ടിട്ട് 'ഈ ലോകത്തിന്റെ ഗതിയെന്താകും' എന്നു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചു പോയിട്ടുണ്ടോ? നാളെ എന്തുനടക്കുമെന്നു പറയാൻ കഴിയാത്തവിധം അപ്രതീക്ഷിതമായാണ് ദുരന്തങ്ങൾ ആഞ്ഞടിക്കുന്നത്. ഈ കാലഘട്ടത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ മാത്രമല്ല, സമീപഭാവിയിൽ നടക്കാനിരിക്കുന്ന വിസ്മയകരമായ കാര്യങ്ങളും നാളുകൾക്ക് മുമ്പുതന്നെ ബൈബിൾ പ്രവചിച്ചിട്ടുണ്ട്.

അയന.എസ്.എസ്

ദുഷ്ടത തുടച്ചു നീക്കി ഭൂമി ഒരു പറുദീസയാക്കി മാറ്റുന്ന ദൈവരാജ്യത്തെക്കുറിച്ച് യേശു പറയുകയുണ്ടായി. ആ രാജ്യം വരുന്നത് എപ്പോഴാണെന്നറിയാൻ ജനങ്ങൾ ആഗ്രഹിച്ചു. ശിഷ്യന്മാരും യേശുവിനോട് ഇങ്ങനെ ചോദിച്ചു. 'നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത്?' നാമിന്ന് ജീവിക്കുന്നത് ആ 'വ്യവസ്ഥിതിയുടെ സമാപന'ത്തിങ്കലാണോ? വിഷമയമായ ഈ ലോകത്തിന്റെ മാലിന്യക്കൂമ്പാരങ്ങൾക്കിടയിൽ വസിക്കുമ്പോൾ ആണെന്ന് തന്നെ പറയേണ്ടിവരും.

യുദ്ധങ്ങളുടെയും കെടുതികളുടെയും കാലഘട്ടത്തെ ബൈബിളിൽ അന്ത്യകാലമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് (2 തിമൊ 3.1). അന്ത്യകാലത്തിന്റെ അടയാളങ്ങളായി യേശു പറഞ്ഞ സവിശേഷതകളെ പരിശോധിക്കാം.

## ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും (മത്താ.24.7)

കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ മാത്രം യുദ്ധങ്ങളിൽ കൊല്ലപ്പെട്ടത് ദശലക്ഷങ്ങളാണ് ഒരു ബ്രിട്ടീഷ് ചരിത്രകാരൻ ഇങ്ങനെ എഴുതി; 'രേഖപ്പെടുത്തപ്പെട്ട ചരിത്രത്തിലെ ഏറ്റവും രക്തപങ്കിലമായ കാലഘട്ടമായിരുന്നു 20-ാം നൂറ്റാണ്ട്'. വേൾഡ് വാച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു റിപ്പോർട്ട് ഇപ്രകാരം പ്രസ്താവിക്കുന്നു; ഈ നൂറ്റാണ്ടിലെ യുദ്ധങ്ങളിൽ മരിച്ചവരുടെ എണ്ണം എ.ഡി. ഒന്നാം നൂറ്റാണ്ട് മുതൽ 1899 വരെ നടന്ന മൊത്തം യുദ്ധങ്ങളിൽ മരിച്ചവരുടെ എണ്ണത്തിന്റെ മൂന്നിരട്ടിയാണ്. ഇപ്പോൾ നാം കണ്ട

പലസ്തീൻ- ഗാസയിലെ കൂട്ടക്കുരുതിയും പാരീസിലെ ഭീകരാക്രമണവും താലിബാനിലെ പിഞ്ചു കുഞ്ഞുങ്ങളുടെ കൂട്ടക്കുരുതിയുമെല്ലാം ഈ വസ്തുതയ്ക്ക് ആക്കം കൂട്ടുന്നവയാണ്. ഇവയിലെല്ലാം രക്തം ചിന്തിയവർക്ക് ജീവിക്കാൻ അവകാശമില്ലേ? ആ അവകാശം നിഷേധിച്ചത് ആരാണ്?

**ക്ഷാമം ഉണ്ടാകും (മത്താ.24.7)**

കഴിഞ്ഞ 30 വർഷം കൊണ്ട് ഭക്ഷ്യോത്പാദനം ഗണ്യമായി കുറഞ്ഞുവെന്ന് ഗവേഷകർ അഭിപ്രായപ്പെടുന്നു. അതിനാൽ തന്നെ ക്ഷാമവും തുടരുകയാണ്. വികസ്വരരാജ്യങ്ങളിൽ നൂറുകോടിയിലധികം ആളുകൾ വിശപ്പിന്റെ പിടിയിലാണ്. സൊമാലിയയിലും ഇങ്ങടുത്തുള്ള അട്ടപ്പാടിയിലും എത്ര പേരാണ് വിശപ്പുകൊണ്ടും വികലപോഷണം കൊണ്ടും മരണമടയുന്നത്.

**വലിയ ഭൂകമ്പങ്ങൾ ഉണ്ടാകും (ലൂക്കോ.21.11)**

യു.എസ് ജിയോളജിക്കൽ സർവ്വേ അനുസരിച്ച് 2000 മുതൽ ഉണ്ടായിട്ടുള്ള ഭൂകമ്പങ്ങളിൽ പ്രതിവർഷം ശരാശരി 17 എണ്ണം കെട്ടിടങ്ങൾക്ക് കേടു വരുത്താനോ നിലത്ത് വിള്ളൽ വീഴ്ത്താനോ തക്ക ശക്തിയുള്ളവയായിരുന്നു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടി നിടയിൽ ലക്ഷക്കണക്കിന് ജീവനാണ് ഭൂകമ്പങ്ങൾ അപഹരിച്ചിട്ടുള്ളത്. മരണനിരക്ക് കുറയ്ക്കുന്നതിൽ സാങ്കേതികവിദ്യ വഹിക്കുന്ന പങ്ക് നാമമാത്രമാണ്.

**മഹാവ്യാധികൾ ഉണ്ടാകും (ലൂക്കോ.21.11)**

വൈദ്യശാസ്ത്രം വളർന്നിട്ടുണ്ടെങ്കിലും പുതിയതും പഴയതുമായ രോഗങ്ങൾ മനുഷ്യവർഗത്തെ ഇപ്പോഴും വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. ക്ഷയം, മലമ്പനി, കോളറ, എന്നിവ ഉൾപ്പെടെയുള്ള 20 രോഗങ്ങൾ കഴിഞ്ഞ ദശാബ്ദങ്ങളിൽ കൂടുതൽ വ്യാപകമായിത്തീർന്നിരിക്കുന്നു. കൂടാതെ എച്ച്1, എൻ1, പക്ഷിപ്പനി, എബോള തുടങ്ങി ധാരാളം പുതിയ രോഗങ്ങളും ചികിത്സിച്ചു ഭേദമാക്കാൻ കഴിയാതെ പല രോഗങ്ങളും ഇന്ന് രംഗപ്രവേശം ചെയ്തിട്ടുണ്ട്.

'നമുക്കു നാമേ പണിവതു നാകം
നരകവുമതുപോലെ'- എന്ന പ്രസിദ്ധമായ കവിവാക്യം ഈ അവസരത്തിൽ ഓർക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ സ്വന്തം ചെയ്തികൾ കൊണ്ടു തന്നെ ഭൂമിയെ നരകതുല്യമാക്കിയിരിക്കുന്നു. യുദ്ധവും ഭീകരാക്രമണവുമെല്ലാം ഇതിനു തെളിവാണ്. ഇത്രയധികം വേദപുസ്തക പ്രവചനങ്ങൾ ഇപ്പോൾ നിറവേറുന്ന സ്ഥിതിക്ക് നാം ജീവിക്കുന്നത് അന്ത്യകാലത്തിലാണ് എന്നതിനോട് യോജിക്കുന്നില്ലേ?, 'മതി' എന്ന് യഹോവയ്ക്കു തോന്നുന്നതുവരെ സുവാർത്ത പ്രസംഗിക്കപ്പെട്ടു കഴിഞ്ഞാൽ 'അവസാനം' വരുമെന്ന് ഉറപ്പാണ്. സാത്താന്റെ ലോകത്തിന്റെ അന്ത്യം സമീപിച്ചിരിക്കുന്നതിനാൽ ഞാൻ എന്താണു ചെയ്യേണ്ടതെന്ന് ഓരോരുത്തരും സ്വയം ചോദിക്കേണ്ടതുണ്ട്. ഒരു നല്ല ബൈബിൾ പഠിതാവായിരിക്കുക. യഹോവയുടെ ഹിതം ചെയ്യാൻ ശ്രമിക്കുക. ദൈവീകജ്ഞാനം സമ്പാദിക്കുകയും ദൈവപ്രീതി ലഭിക്കേണ്ടതിന് ജീവിതത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുക.

യേശു തന്റെ ശ്രോതാക്കളോട് ഇങ്ങനെ പറഞ്ഞു 'ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിനും ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നിൽപ്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന് സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ' (ലൂക്കോ21.34-36). യേശുവിന്റെ ഈ വാക്കുകൾ ഗൗരവമായെടുക്കുക. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെയും മനുഷ്യപുത്രനായ യേശുക്രിസ്തുവിന്റെയും അംഗീകാരമുള്ളവർക്ക് സാത്താന്റെ കീഴിലുള്ള ഈ വ്യവസ്ഥിതിയുടെ അന്ത്യത്തെ അതിജീവിക്കുന്നതിനും തൊട്ടടുത്തെയിരിക്കുന്ന അത്ഭുതകരമായ പുതിയ ലോകത്തിലെ നിത്യജീവൻ നേടുന്നതിനുമുള്ള അവകാശമുണ്ട്. ○

# ജന്മദിനാശംസകൾ

സുധ - പാലേലി
ജോൺസൻ - നാടുകാണി
Dr. G.S. സുനിൽ - സുജനിവാസ്
S.K. സ്റ്റീഫൻസൻ Tr- പ്രശാന്ത്
Dr. വിൻസി - കൊച്ചു ബഥേൽ
ജസ്റ്റി ഷെർലജ - ജെ. ജെ. ഭവൻ
രസ്മണി - ചാമവിള
ജോർജ്ജ് - ഒറ്റപ്ലാവിള
ഹൃദ്യ പി. എസ്. - ആസ്റ്റർ
അജി - അരുവിമുഖം
സെബാസ്റ്റ്യൻ - ചാമവിള
യേശുദാസൻ റ്റി. - ചോലയിൽ
സിൻസി - സുരേഷ്കോട്ടേജ്
നിഷ എസ്. മോഹൻ - മുങ്ങോട്
ദീപേഷ് - ചാമവിള
അഭിലാഷ് വിജയ് - വിജയ ഭവൻ
ഉഷ - എസ്.കെ. ഭവൻ
വസന്ത - ഉടയാൻകുഴി
ബിനി ബി. വില്യം - കരുണ നിവാസ്
ദാസ് റ്റീച്ചർ - ആൽഫ
സ്നേഹദാസ് - ഗ്രെയ്സ് ഗാർഡൻ
സതീഷ് - ചാമവിള
നിഖിൽ - നിഖിൽ നിവാസ്
ബിന്ദു - പാലേലി
സിസിലി - കരിയംകോട്
പ്രദീപ് - ജ്യോതിസ്
അഖിൽ ശോഭനം - ഗീതു ഭവൻ
പ്രവീൺ - പുച്ചെടിവിള
ജയദേവി - ബഥേൽ ഹൗസ്
വിൽഫ്രഡ് രാജ് - ഒയാസിസ്
റീന - വഴിയോരം
ഹെക്സിലി അലക്സ് - പുഷ്പഗിരി
ഗ്ലോറി സുന്ദരാമ്മാൾ - സത്യഭവൻ
അർഷ സി.ജി. - ബഥേൽ ഹൗസ്
ലില്ലിജോയി റ്റീച്ചർ - പ്രശാന്ത്
ജിനി - തടത്തരികത്ത് വീട്
ജിബിൻരാജ് - കുഴലാർ
രത്നകുമാരി - തേനീർനിലയം
സത്യരാജ് ജി. എസ്. - ആൻവില്ല
അരുൺകുമാർ - എസ്. ആർ. ഭവൻ
ആൻസി എസ്. വാട്സൻ - മെരിലാന്റ്
വത്സല - ഷിബി ഭവൻ
അനന്യ സി.ജി. - കൊറ്റംകുഴി
പി. പ്രസാദ്- ഭവിത
സബിൻരാജ് - ജയിഡാ വിലാസം
സുലോചന - ജോസ് ഭവൻ
മേരി - വിജയ വിലാസം

ജയൻ - ജെ.സി. ഭവൻ
ഐസക് - സെറീന ഭവൻ
രജനീഷ് എസ്. ആർ - സുനിതാ ഭവൻ
രവി - രാഖി ഭവൻ
ജസ്റ്റിൻ ജോൺ - കുഴിവിള
സന്ദീപ് സബാസ്റ്റ്യൻ - സുജഭവൻ
ജോസ് - കുഴലാർ
ജയകുമാരി - സ്മിതാഭവൻ
ബൈജു - ചാമവിള
മുല്ലസ്സി - ചാമവിള
ശൈലജ - അക്ഷയ
ചെല്ലമ്മ റ്റീച്ചർ - കണ്ണം പാറയിൽ
ആൻലറ്റ് രാജം - റിജി ഭവൻ
റിയാ ചന്ദ്രൻ - റിയാ ഭവൻ
രേഖ - തോട്ടമ്പറ
അനുപ് - കുഴലാർ
വിൽസ് ചാൾസ് - കാരുണ്യ
ബുമൈഡിസൂസി റ്റീച്ചർ - നിലാവ്
സുരേഷ്കുമാർ - കുഴലാർ
സോമൻ - പാലേലി
സ്റ്റീഫൻസൻ - അരുവിമുഖം
കമലം റ്റീച്ചർ - മശിഹാ ഭവൻ
ബീന - സാം ഭവൻ
അൻവിൻരാജ് - ആൻവില്ല
രാജൻ - ഗിലയാദ്
അനശ്വര - തേരിവിള പുത്തൻവീട്
ഷൈനി - സജു ഭവൻ
സാനിയ സത്യൻ - ദീപാ കോട്ടേജ്
ശശി - കടുവനടി
അനിഘ - രമ്യ
റോസല ദാസ് - പാലേലി
അനീന - കൃപ
തങ്കരാജ് - പുഞ്ഞാംകോട്
ജസ്റ്റിൻജോൺ - ചരിവുവിള
വിൻസന്റ് - വിൻസ് ഭവൻ
ജി.ആർ. ഷാജി - ഏദൻ
രാജേഷ് എസ്. ആർ. -സായൂജ്യം
അനിൽകുമാർ - എ. കെ. നിവാസ്
ലില്ലി - കുഴലാർ
സുമ - സുമ ഭവൻ
ബ്രിജ്ലാൽ - മെറിനിവാസ്
രാജമണി - പ്ലാവിള
മിനി സെൽവദാസ്, നിത്യ
ക്രിസ്തുദാസ് സാരസം-ദീപാ കോട്ടേജ്
അലോന - രമ്യ
സിസിലറ്റ് - കിള്ളി



# വിവാഹ വാർഷികാശംസകൾ

| | |
|---|---|
| റ്റി.എസ്. ജയരാജ് Tr. - സിനിമോൾ | - ഗ്രേസ് നിവാസ് |
| വിൽസ്രാജ് - ശോഭ സി.റ്റി. | - വി.എസ്. ഗാർഡൻ |
| വിജയബാബു - ബേബി | - എ.വി.എൻ. കോട്ടേജ് |
| വർഗ്ഗീസ് - ലീല | - ബിനുഭവൻ |
| ശിംശോൻ - രത്നമ്മ | - ബിനുഭവൻ, കൊറ്റംകുഴി |
| ജോയൽ സുധാകർ - സുനുജോയൽ | - സുനു ഗാർഡൻസ് |
| വിജയരാജ് - പ്രസന്നകുമാരി | - വിജയഭവൻ |
| ജോസ് ടീച്ചർ - ഐറിൻ ടീച്ചർ | - അഭയം |
| സുഗുണൻ - ഷെർളി | - കൃപ ഭവൻ |
| അസ്സറിയ - വസന്ത | - ഉടയാൻകുഴി |
| ആൽഫ്രഡ് - ലില്ലി | - കുഴലാർ |
| ദാനം - രസമണി | - ചാമവിള |
| ഗാഡ്ലിൻ - G.W. ഷിനി | - ഗാഡ്ലിൻ നിവാസ് |
| ജയൻ - ക്രിസ്റ്റൽജോയി | - ജെ.സി. ഭവൻ |
| ജർമ്മിയാസ് - ഷീന | - പുലിയൂർക്കോണം |
| ജസ്റ്റിൻജാവർട്ട് ജെ. - ഷിജി.C.H. | - എയ്ഞ്ചൽ ഭവൻ |
| ഷൈനു.R.S - നീനു.R.S | - ഏബൻഏസർ |
| സനൽകുമാർ - സൗമ്യ | - ക്രിസ്തുവിലാസം |
| അനൂപ്.ഇ.വി - സുവിജ.ട.വിൽസ് | - സീയോൻ |

# പൊതുവിജ്ഞാനം

ബിനു. ജി. ആർ

## നൂറ്റാണ്ടിന്റെ പ്രതിഭകൾ – 15



### എബ്രഹാം ലിങ്കൺ

(1809 – 1865)

- ജനനം : 1809 ഫെബ്രുവരി 12
- ജനനസ്ഥലം : ഹാർഡിൻകൗണ്ടി (അമേരിക്ക)
- 16 – ാമത് അമേരിക്കൻ പ്രസിഡന്റ്
- റിപ്പബ്ലിക്കൻ പാർട്ടിക്കാരനായ ആദ്യ പ്രസിഡന്റ്
- 1863 – ൽ അടിമത്തം നിർത്തലാക്കി
- ഭാര്യ : മേരി ടോഡ് ലിങ്കൺ
- മരണം : 1865 ഏപ്രിൽ 17
- മരണസ്ഥലം:വാഷിങ്ടൺ ഡി.സി-യിലെ ഫോർഡ് തീയറ്റർ
- വധിക്കപ്പെട്ട ആദ്യ അമേരിക്കൻ പ്രസിഡന്റ്
- വധിച്ചത് : ജോൺ വിൽക്കിൻസ് ബൂത്ത്

## ലോക കാൻസർ ദിനം

**ഫെബ്രുവരി 4**



'മാരകമായ മുഴ' എന്നർത്ഥം വരുന്ന 'കാർസിനോമ' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് കാൻസർ എന്ന പദം രൂപപ്പെട്ടത്. ഓരോ വർഷവും 70 ലക്ഷം പേരാണ് കാൻസർ രോഗബാധിതരാകുന്നത്. ആധുനിക ഭക്ഷണരീതികളും, ഫാസ്റ്റ്ഫുഡ് സംസ്കാരവും, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും ഈ രോഗത്തെ ക്ഷണിച്ചുവരുത്തുന്നു.60% കാൻസറും ഭക്ഷണ രീതി മുഖേനയാണെന്ന് കണക്കുകൾ സൂചിപ്പിക്കുമ്പോൾ 30% കാൻസർ ലഹരി വസ്തുക്കളുടെ ഉപയോഗത്തിലൂടെയും 10%-20% ബാക്ടീരിയ-വൈറസ് വഴിയും 5%-10% ജീൻ തകരാറ് മുഖേനയുമാണ്.

രോഗപ്രതിരോധമാണ് രോഗം ബാധിച്ച് ചികിത്സിക്കുന്നതിനെക്കാൾ ഉത്തമം. പരമ്പരാഗത ഭക്ഷണ രീതിയിലേക്കുള്ള തിരിച്ചുപോക്കും, ശരിയായ ആരോഗ്യ പരിപാലനവും മുഖേന നമുക്ക് ഈ രോഗത്തെ ചെറുത്ത് തോൽപ്പിക്കാനാകും.

## ലോക സാമൂഹ്യനീതി ദിനം

യു.എൻ.ജനറൽ അസംബ്ളിയുടെ തീരുമാനപ്രകാരം 2009 മുതൽ ഫെബ്രുവരി 20 ലോക സാമൂഹ്യനീതി ദിനമായി (World day of Social Justice) ആചരിച്ചുവരുന്നു. ദാരിദ്ര്യം, തൊഴിലില്ലായ്മ, പാർശ്വവൽക്കരണം തുടങ്ങിയവ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു. ഇതിനായി എല്ലാ രാജ്യങ്ങളും സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഐക്യരാഷ്ട്രസംഘടന ആഹ്വാനം ചെയ്തിട്ടുണ്ട്.


6 th Birthday
അഞ്ജന.എൻ.ബി
നിഖിൽ നിവാസ്
10 th Birthday
നിഖിൽ. ബി.എൻ
നിഖിൽ നിവാസ്
SNUTTLE
ആശംസകളോടെ
ഓർമ്മ
ഫർണിച്ചർ
3-ാം വയസ്സിലേക്ക്
ചാരുപാറ, കാട്ടാക്കട
ഫോൺ: 9495540175

അനുമോദനങ്ങൾ



ഷിബുജസ്റ്റസ് Tr.
സണ്ടേസ്കൂൾ സെക്രട്ടറി



വസന്ത
സ്ത്രീജനസഖ്യം സെക്രട്ടറി



ഡാർവിൻരാജ്
യുവജനസംഘടന സെക്രട്ടറി



വിനോജ്.ഡി.സാരസം
ബാലജനസഖ്യം കൺവീനർ




നിമിമോൾ.W.S.പ്രദീപം
മഹിമ
M.Com (Finance)
2nd ക്ലാസ്സിൽ പാസ്സായി

# വേർപാടിന്റെ ഒന്നാം വർഷം



## കെ.സോമദേവൻ
സുനിതാഭവൻ

ജനനം: 28.4.1951 മരണം: 02.02.2014
ഭാര്യ: രത്നസുലോചന
മക്കൾ, മരുമക്കൾ, ചെറുമക്കൾ



മറഞ്ഞിട്ടും മറയാതെ
മാഞ്ഞിട്ടും മായാതെ
ഓർമ്മകളുടെ ഈണവുമായി
അരികിലെത്തുന്ന ഞങ്ങളുടെ പപ്പയ്ക്ക്...

## വിൽസൻ പ്രദീപം
മഹിമ

| | | |
|---|---|---|
| ഭാര്യ: സുധ കുമാരി | | |
| മക്കൾ | മരുമക്കൾ | കൊച്ചുമക്കൾ |
| നിനിമോൾ.W.S.പ്രദീപം | അരുൺ.എ | അന്ന, സച്ചിൻ |
| നിമിമോൾ.W.S.പ്രദീപം | ഗ്ലാഡ്സ്റ്റൻ.റ്റി | നിയ |

വേർപാടിന്റെ ഒന്നാം വർഷം

C.S. Offset, Kattakada Ph:0471-2290534